# മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ്
# തെരഞ്ഞെടുപ്പ് സംബന്ധിച്ച് ജനറൽ സെക്രട്ടറിയുടെ അറിയിപ്പ്

മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ പ്രഥമ കേന്ദ്ര പൊതുയോഗം 2023 ഡിസംബർ 9–ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് തിരുവല്ല, ഡോ. അലക്സാണ്ടർ മാർത്തോമ്മാ സ്മാരക ഓഡിറ്റോറിയത്തിൽ പ്രസിഡന്റ് മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്. പ്രതിനിധികൾ പൂരിപ്പിച്ച ഹാജർ ടിക്കറ്റുമായി തിരുവല്ല വി.ജി.എം ഹാളിൽ എത്തി രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ സമയം അന്നേദിവസം ഉച്ചയ്ക്ക് 1 മണി മുതൽ 3 മണി വരെ ആയിരിക്കും.

പ്രസ്തുത പൊതുയോഗത്തിൽ ഭരണഘടന നിർദ്ദേശിക്കുന്ന താഴെപറയുന്ന സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

A **ഔദ്യോഗിക ചുമതലക്കാർ**

1. വൈദിക വൈസ് പ്രസിഡന്റ് (ഒന്ന്)
2. അത്മായ വൈസ് പ്രസിഡന്റ് (ഒന്ന്)
3. ജനറൽ സെക്രട്ടറി (ഒന്ന്)
4. ട്രഷറാർ (ഒന്ന്)

B **കമ്മറ്റിയംഗങ്ങൾ**: ഓരോ ഭദ്രാസനത്തിൽ നിന്നും രണ്ട് പേർ വീതം
(അതത് ഭദ്രാസനത്തിൽ ഉൾപ്പെടുന്ന കേന്ദ്ര പ്രതിനിധികളിൽ നിന്നും അവർ തെരഞ്ഞെടുക്കുന്നവർ)

**തെരഞ്ഞെടുപ്പിന്റെ നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു:**
കേന്ദ്ര പൊതുയോഗാംഗങ്ങളുടെ പ്രാഥമിക ലിസ്റ്റ് 2023 ഒക്ടോബർ 30–ാം തീയതി തിങ്കളാഴ്ച വൈകിട്ട് തിരുവല്ല മാർത്തോമ്മാ സഭാ ഓഫീസിൽ പ്രസിദ്ധീകരിക്കുന്നതാണ്.

പ്രസ്തുത ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉള്ള പക്ഷം ആയത് രേഖാമൂലം 2023 നവംബർ 6–ാം തീയതി തിങ്കളാഴ്ച വൈകിട്ട് 5 മണിക്കകം മാർത്തോമ്മാ സീനിയർ സിറ്റിസൺസ് കേന്ദ്ര പ്രസിഡന്റിനെ അറിയിക്കേണ്ടതാണ്.

കേന്ദ്ര പൊതുയോഗ പ്രതിനിധികളുടെ അന്തിമലിസ്റ്റ് നവംബർ 13–ാം തീയതി തിങ്കളാഴ്ച വൈകിട്ട് 5 മണിക്ക് തിരുവല്ല, മാർത്തോമ്മാ സഭാ ഓഫീസിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ അന്തിമലിസ്റ്റ് കേന്ദ്ര പൊതുയോഗത്തിന്റെ വോട്ടർ പട്ടിക ആയിരിക്കും. അന്തിമ ലിസ്റ്റിൽ പേരുള്ളവർക്കു മാത്രമേ സ്ഥാനാർത്ഥിയാകുന്നതിനോ നിർദ്ദേശകനാകുന്നതിനോ അനുവാദകനാകുന്നതിനോ സാധിക്കുകയുള്ളൂ.

കേന്ദ്ര പ്രതിനിധികളുടെ ലിസ്റ്റ് 2023 നവംബർ 14–ാം തീയതി മുതൽ സഭാ ആഫീസിൽ നിന്നും നേരിട്ടോ, ഇ മെയിൽ മുഖേനയോ ലഭിക്കുന്നതാണ്.വോട്ടേഴ്സ് ലിസ്റ്റ് മുഴുവനായി ലഭിക്കുന്നതിന് 500 രൂപയും ഓരോ ഭദ്രാസനത്തിന്റെയും ലിസ്റ്റിന് 100 രൂപാ വീതവും നല്കേണ്ടതാണ്. തുക അടയ്ക്കുന്നതിന് സഭയുടെ അക്കൗണ്ട് ഉപയോഗിക്കാം. (Federal Bank SB A/C No. 10290100102768- Malankara Mar Thoma Syrian Church, IFSC Code-FDRL 0001029 / South Indian Bank SB A/C No. 0079053000000820- Sabha Secretary, IFSC Code-SIBL0000079) തുക അയച്ച വിവരം marthomascf@gmail.com എന്ന ഇമെയിലിൽ അറിയിക്കേണ്ടതാണ്.

നാമനിർദ്ദേശപത്രികകൾ 2023 ഡിസംബർ 1–ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 4 മണിക്കകം മുഖ്യ വരണാധികാരിയായ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ പക്കൽ (പൂലാത്തീൻ, തിരുവല്ല പി.ഒ, പത്തനംതിട്ട ജില്ല, കേരളം–689101) ലഭിച്ചിരിക്കണം. നാമനിർദ്ദേശപത്രികകൾ ഉൾക്കൊള്ളിച്ചിട്ടുള്ള കവറിന് മുകളിൽ ***MTSCF നാമനിർദ്ദേശ പത്രിക*** എന്ന് എഴുതിയിരിക്കണം. 2023 ഡിസംബർ 1–ന് 4.30 പി.എം ന് നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന നടക്കും. സൂക്ഷ്മപരിശോധനയ്ക്കു ശേഷം അന്നുതന്നെ സാധുവായ പേരുകൾ സഭാ ആഫീസിൽ പരസ്യപ്പെടുത്തുന്നതാണ്. നിർദ്ദേശിതരിൽ ആർക്കെങ്കിലും പിന്മാറണമെന്നുണ്ടെങ്കിൽ 2023 ഡിസംബർ 5–ാം തീയതി ചൊവ്വാഴ്ച 5 പി.എം ന് മുമ്പ് മുഖ്യവരണാധികാരിയെ രേഖാമൂലം അറിയിക്കണം.

സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് ഭരണഘടന 155–ാം വകുപ്പനുസരിച്ച് ഒരു അംഗത്തിന് ഒരേ സമയം സെന്റർ, ഭദ്രാസന, കേന്ദ്ര തലങ്ങളിൽ ഏതെങ്കിലും ഒരു ഔദ്യോഗിക സ്ഥാനം മാത്രമേ വഹിക്കുന്നതിന് അർഹതയുള്ളു. ഇതിന് വിപരീതമായി ആരെങ്കിലും തെരഞ്ഞെടുക്കപ്പെട്ടാൽ ഭാരവാഹിത്വം സ്വയമേവ നഷ്ടപ്പെടുന്നതാണ്.

തെരഞ്ഞെടുപ്പിൽ ഒരു പ്രതിനിധിക്ക് ഒരു സ്ഥാനത്തേക്ക് മാത്രമേ മത്സരിക്കുവാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളു. ഒന്നിലധികം സ്ഥാനങ്ങളിലേക്ക് നാമനിർദ്ദേശപത്രിക നല്കിയിട്ടുള്ളവർ പത്രിക പിൻവലിക്കാനുള്ള സമയപരിധിക്കുള്ളിൽ ഏതെങ്കിലും ഒരു നിശ്ചിത സ്ഥാനത്തേക്ക് ഒഴികെയുള്ള നാമനിർദ്ദേശപത്രികകൾ പിൻവലിക്കാതെയിരുന്നാൽ സമർപ്പിക്കപ്പെട്ട എല്ലാ നാമനിർദ്ദേശപത്രികകളും അസാധുവായിരിക്കും.

സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് 2023 ഡിസംബർ 5–ാം തീയതി ചൊവ്വാഴ്ച 6 പി.എം ന് സഭാ ആഫീസിൽ പ്രസിദ്ധീകരിക്കുന്നതാണ്. കേന്ദ്ര പൊതുയോഗത്തിലേക്കുള്ള പ്രവേശന ടിക്കറ്റ് തെരഞ്ഞെടുപ്പ് ദിവസം ഉച്ചയ്ക്ക് 1.00 മുതൽ 3.00 വരെ ലഭിക്കുന്നതാണ്. പ്രതിനിധികൾ ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ ഹാജരാക്കണം. രജിസ്ട്രേഷൻ ഫീസ് 200 രൂപാ ആയിരിക്കും.

വെരി റവ. ടി. കെ. മാത്യുവിനെ വരണാധികാരിയായി നിയമിച്ചിട്ടുണ്ട്. വോട്ടിംഗ് ക്രമീകരണങ്ങളും അനുബന്ധ കാര്യങ്ങളും 2023 ഡിസംബർ 9–ാം തീയതി നടക്കുന്ന കേന്ദ്ര പൊതുയോഗത്തിൽ അറിയിക്കുന്നതാണ്.

സഭയുടെ അംഗീകൃത സ്ഥാപനമായതിനുശേഷം ആദ്യമായി നടക്കുന്ന കേന്ദ്ര പൊതുയോഗത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് എല്ലാവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണം പ്രതീക്ഷിക്കുന്നു.

വെരി റവ. കെ. എം മാമ്മൻ
ജനറൽ സെക്രട്ടറി
മാർത്തോമ്മാ സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ്

തിരുവല്ല
24.10.2023